milma

# തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയൻ ക്ലിപ്തം
# Thiruvananthapuram Regional Co-operative Milk Producers' Union Ltd.

TRU/PER/1/2025/36 08.11.2025

**തിരുവനന്തപുരം മേഖലാ യൂണിയനിലെ സ്ഥിര നിയമനങ്ങളിൽ ക്ഷീരകർഷകർക്കും, അവരുടെ ആശ്രിതർക്കും മുൻഗണന (വെയിറ്റേജ്) ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

സൂചന :

1) തിരുവനന്തപുരം മേഖലാ യൂണിയന്റെ 27.09.2025-ാം തീയ്യതിയിൽ ചേർന്ന 39-ാമത് വാർഷിക പൊതുയോഗത്തിന്റെ 10-ാം നമ്പർ തീരുമാനം.

2) ക്ഷീര വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 01.11.2025 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാരണം) നമ്പർ 144/2025/DD.

3) മേഖലാ യൂണിയൻ ക്ഷണിച്ച 03.11.2025 തീയ്യതയിലെ TRU/PER/1/2025/35 DETAILED നമ്പർ നിയമന വിജ്ഞാപനം.

തിരുവനന്തപുരം മേഖലാ യൂണിയൻ 03.11.2025 തീയ്യതിയിൽ ക്ഷണിച്ച TRU/PER/1/2025/35 DETAILED നമ്പർ നിയമന വിജ്ഞാപനത്തിൽ പറയുന്ന 20 തസ്തികകളിലെ 198 ഒഴിവുകളിലേക്ക്താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്കും, നിബന്ധനകൾക്കും വിധേയമായി അർഹരായ ക്ഷീര കർഷകർക്കും, അവരുടെ ആശ്രിതർക്കും എഴുത്ത് പരീക്ഷയിൽ വെയിറ്റേജ് മാർക്ക് എന്ന രീതിയിൽ മുൻഗണന (വെയിറ്റേജ്) അനുവദിക്കുന്നതാണ്.

1. അപേക്ഷകൻ/അപേക്ഷക; 03.11.2025 തീയതിയിൽ തിരുവനന്തപുരം മേഖലാ യൂണിയനിൽ അംഗത്വമുള്ള ആനന്ദ് മാതൃകാ ക്ഷീര സഹകരണ സംഘത്തിൽ (APCOS) അംഗങ്ങളായ പാലളക്കുന്ന ക്ഷീര കർഷകനോ അല്ലെങ്കിൽ ടിയാളുടെ ഭാര്യയോ, ഭർത്താവോ, മകനോ, മകളോ (ഏതാണോ ബാധകമായത് അത്) ആയിരിക്കണം.

2. കർഷകർ അംഗമായ, തിരുവനന്തപുരം മേഖലാ യൂണിയനിൽ അംഗത്വമുള്ള ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾ, ഒഴിവുകൾ നികത്തുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ച 03.11.2025 തീയ്യതിക്ക് പിറകോട്ടുള്ള (02.11.2025 മുതൽ 03.11.2020 തീയതി വരെ പിറകോട്ട്) 5 വർഷക്കാലയളവിൽ, എല്ലാ വർഷത്തിലും തിരുവനന്തപുരം മേഖലാ യൂണിയനിൽ ചുരുങ്ങിയത് 270 ദിവസം വീതം രണ്ട് നേരവും പാൽനൽകിയിട്ടുള്ള സംഘങ്ങളായിരിക്കണം.

3. തിരുവനന്തപുരം മേഖലാ യൂണിയൻ ഭരണസമിതി അംഗങ്ങൾ, അവരുടെ ആശ്രിതർ(ഭാര്യ/ഭർത്താവ്, മക്കൾ), മേഖലാ യൂണിയനുകളിലെ സ്ഥിരം ജീവനക്കാരുടെ ആശ്രിതർ (ഭാര്യ/ഭർത്താവ്, മക്കൾ) എന്നിവർ ക്ഷീര കർഷകരും അംഗസംഘത്തിലെ അംഗങ്ങളുമാണെങ്കിലും, സ്ഥിര നിയമനത്തിൽ മുൻഗണനലഭിക്കില്ല. കൂടാതെ ക്ഷീര കർഷകരുടെ ആശ്രിതർ (ഭാര്യ/ഭർത്താവ്, മക്കൾ) ക്ഷീരസംഘത്തിലെ സ്ഥിരം ജീവനക്കാരാണെങ്കിൽ അവർക്ക് മുൻഗണന (വെയിറ്റേജ്) ലഭിക്കുന്നതല്ല.



Head Office : Ksheera Bhavan, Pattom Thiruvananthapuram-695 004
Phone : 0471-2447109, 2448057, 2446845, E-mail: trcmpu@gmail.com, Website : www.milmatrcmpu.com

4. അപേക്ഷകർ; ഒഴിവുകൾ നികത്തുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള തീയ്യതിക്ക് തൊട്ടു മുൻപുള്ള 5 കലണ്ടർ വർഷക്കാലത്തിൽ (03.11.2020 മുതൽ 02.11.2025 വരെയുള്ള 5 കലണ്ടർ വർഷക്കാലം) സംഘത്തിൽ തുടർച്ചയായി എല്ലാ വർഷവും കുറഞ്ഞത് 180 ദിവസമെങ്കിലും 500 ലിറ്ററിൽ കുറയാതെ പാൽ നൽകിയവരും, നിലവിൽ സംഘത്തിന്റെ പരിധിക്കുള്ളിൽ സ്വന്തമായതോ, വാടകയ്ക്ക് എടുത്തതോ ആയ സ്ഥലത്ത് ഒരു കറവപ്പശു/എരുമയെ എങ്കിലും വളർത്തുന്നതുമായ സജീവ അംഗം അല്ലെങ്കിൽ ടിയാളുകളുടെ ആശ്രിതർ (ഭാര്യ/ഭർത്താവ്, മക്കൾ) എന്നിവരിൽ ആരെങ്കിലും ഒരാൾ ആയിരിക്കണം. കർഷകൻ, മേഖലാ യൂണിയനിൽ അംഗമായ ആനന്ദ് മാതൃകാ ക്ഷീര സംഘത്തിൽ, കേരള സഹകരണ നിയമം, വകുപ്പ് 16B പ്രകാരമുള്ള സജീവാംഗമായിരിക്കണം. 03.11.2025 തീയ്യതിക്ക് തൊട്ടുപുറകോട്ടുള്ള 12 മാസത്തിൽ 180 ദിവസമെങ്കിലും 500 ലിറ്ററിൽ കുറയാതെ സംഘത്തിൽ പാൽ, സംഘം അംഗം എന്ന നിലയിൽ നൽകിയിരിക്കണം എന്നതായിരിക്കും സജീവാംഗത്വത്തിനുള്ള വ്യവസ്ഥ.

5. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള തീയ്യതിയിലും (03.11.2025 തീയ്യതി) പ്രമാണ പരിശോധന സമയത്തും കർഷകർ മേഖലാ യൂണിയനിലെ അംഗ സംഘങ്ങളിൽ സജീവ അംഗമായി തുടരേണ്ടതാണ്.

6. അംഗ സംഘങ്ങളിൽ അംഗമായ ക്ഷീര കർഷകൻ പുരുഷനാണെങ്കിൽ കർഷകനും, ഭാര്യ, മക്കൾ എന്നിവർക്കും, സ്ത്രീയാണെങ്കിൽ കർഷകക്കും, ഭർത്താവ്, മക്കൾ എന്നിവർക്കും മാത്രമായിരിക്കും എഴുത്തു പരീക്ഷയിൽ വെയിറ്റേജ് മാർക്ക് എന്ന രീതിയിൽ മുൻഗണനക്ക് അർഹത ഉണ്ടാകുക.

7. ഒരു കുടുംബത്തിൽ നിന്നുള്ള ഒരു അപേക്ഷകൻ/അപേക്ഷകക്ക് മാത്രമേ മുൻഗണന (വെയിറ്റേജ്) ലഭിക്കുകയുള്ളൂ. ഇത്തരത്തിൽ ഒരു കുടുംബത്തിലെ ഏതെങ്കിലും അർഹരായ ഒരംഗത്തിന് മാത്രമേ വിജ്ഞാപനത്തിൽ പറയുന്ന ഏതെങ്കിലും ഒരു തസ്തികയിലേയ്ക്ക് മുൻഗണന അനുവദിക്കുകയുള്ളു. ഒരു കുടുംബത്തിലെ ഒന്നിൽ കൂടുതൽ പേർക്ക് വെയിറ്റേജ് ലഭിക്കുകയില്ല. ആ ഒരാൾക്ക് തന്നെ ഒന്നിൽ കൂടുതൽ തസ്തികകളിൽ മുൻഗണന ലഭിക്കുന്നതല്ല.

8. അപേക്ഷകന്റെ അർഹത സംബന്ധിച്ച് ക്ഷീര സംഘം പ്രസിഡന്റും, സെക്രട്ടറിയും, ഒരു ഭരണസമിതി അംഗവും യൂണിയൻ അംഗീകരിച്ചിട്ടുള്ള നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം (Form No.P&I/R1/2025) നൽകേണ്ടതുണ്ട്. ആയത് സംഘം സ്ഥിതി ചെയ്യുന്ന പി&ഐ ഹെഡ് ക്വാർട്ടറിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനും, ബന്ധപ്പെട്ട പി&ഐ യൂണിറ്റ് മേധാവിയും പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകുന്നതുമാണ്. ഉദ്യോഗാർത്ഥി ഓൺലൈൻ പോർട്ടലിൽ അപേക്ഷ സമർപ്പിക്കുമ്പോൾ ഇങ്ങനെ ലഭിക്കുന്ന സാക്ഷ്യപത്രം നിർദ്ദിഷ്ട ഭാഗത്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

9. ജനറൽ വിഭാഗത്തിന് ഉയർന്ന പ്രായപരിധി 40 വയസ്സും, SC/ST, ഒ.ബി.സി വിഭാഗങ്ങൾക്ക് ഉയർന്ന പ്രായപരിധി യഥാക്രമം 45 വയസ്സും, 43 വയസ്സും ആയിരിക്കും. ഈ കാര്യങ്ങളിൽ കർഷകർ/കർഷകരുടെ ആശ്രിതർക്ക് ഇളവുകൾ അനുവദിക്കുന്നതല്ല.

10. വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം എന്നിവ മേഖലാ യൂണിയന്റെ റിക്രൂട്ട്മെന്റ് & പ്രൊമോഷൻ റൂൾസിന് വിധേയമായിട്ടായിരിക്കും. ഈ കാര്യങ്ങളിൽ കർഷകർ/ കർഷകരുടെ ആശ്രിതർക്ക് ഇളവുകൾ അനുവദിക്കുന്നതല്ല.

11. എഴുത്ത് പരീക്ഷയിൽ കുറഞ്ഞത് 50 ശതമാനം മാർക്ക് (Minimum cut- off Mark) ലഭിച്ചവർക്ക് മാത്രമേ ക്ഷീര കർഷകൻ/കർഷക അല്ലെങ്കിൽ അവരുടെ ആശ്രിതർ (ഭാര്യ/ഭർത്താവ്, മക്കൾ) എന്ന രീതിയിലുള്ള മുൻഗണനക്കായി റിക്രൂട്ട്മെന്റിന്റെ രണ്ടാം ഘട്ടത്തിൽ പരിഗണിക്കുകയുള്ളൂ.

12. കേരള സഹകരണ സംഘങ്ങൾ നിയമം, 1969, കേരള സഹകരണ സംഘങ്ങൾചട്ടങ്ങൾ, 1969 എന്നിവയിൽ നിഷ്കർഷിച്ച പ്രകാരമുള്ള സംവരണത്തിന് (APCOS employees, SC/ST & PH) അർഹരായവർക്ക് ഈ മുൻഗണ (വെയിറ്റേജ്) ലഭിക്കുന്നതല്ല. സംവരണവും, വെയിറ്റേജും രണ്ടും ഒരുമിച്ച് ഒരാൾക്ക് ലഭിക്കുന്നതല്ല.

(S/d)
ആസിഫ് കെ. യുസഫ് IAS
റിക്രൂട്ട്മെന്റ് കമ്മിറ്റിയുടെ കൺവീനർ &
മാനേജിംഗ് ഡയറക്ടർ മിൽമ

ക്ഷീര കർഷകർക്ക്/ക്ഷീര കർഷകരുടെ ആശ്രിതർക്ക് മുൻഗണന ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ട സാക്ഷ്യ പത്രമായ Form No. P&I/R1/2025 പൂർണ്ണമായി പൂരിപ്പിച്ച് ലഭിക്കുവാൻ സജീവാംഗമായ കർഷകൻ ബന്ധപ്പെട്ട ക്ഷീര സംഘത്തിൽ അപേക്ഷ നൽകേണ്ടതാണ്. അപേക്ഷ നൽകിയതിന് ശേഷം സംഘം തലത്തിൽ പരിശോധനകൾ പൂർത്തീകരിച്ച് തുടർന്ന് യൂണിയൻ തലത്തിലും പരിശോധനകൾ പൂർത്തീകരിച്ച് സാക്ഷ്യപത്രം അനുവദിച്ച് കിട്ടുന്നതിന് ചുരുങ്ങിയത് 5 ദിവസമെങ്കിലും എടുക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. അതുകൊണ്ടു തന്നെ മുൻഗണന ലഭിക്കുന്നതിന് അർഹരായ ഉദ്യോഗാർത്ഥികൾ താമസംവിനാ ക്ഷീര സംഘങ്ങളെ സമീപിച്ചു കൊണ്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന ദിവസങ്ങളിൽ സാക്ഷ്യപത്രം ലഭിക്കുന്നതിനായി ക്ഷീര സംഘത്തിൽ അപേക്ഷ സമർപ്പിച്ച കാരണം സാക്ഷ്യപത്രം ലഭിക്കാതിരിക്കുകയോ, ഓൺലൈനിൽ അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ടി അവസാന നിമിഷത്തിലേക്ക് മാറ്റിവെച്ചത് കാരണം, ഏതെങ്കിലും സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾക്ക് അവസാന സമയങ്ങളിൽ അപേക്ഷ സമർപ്പിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുകയോ ചെയ്താൽ ആയതിന് മേഖലാ യൂണിയന് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.